DESPATCHED
On..11/1/21......

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 2448(3)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ച തീയതി : 20.11.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

Smt. Padikkal Radha,
W/o. Vakkayil Sukumaran,
Chendapuraya,
Abdurahiman Nagar, A.R. Nagar P. O.,
Thirurangadi – 676 305.
} അപ്പീൽ ഹർജിക്കാരി

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ, തിരൂർ – 676 101.

2) അപ്പീൽ അധികാരി &
റവന്യൂ ഡിവിഷണൽ ഓഫീസർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ, തിരൂർ – 676 101.

} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19.04.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.12.2018 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 02.02.2019 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 13.02.2019 |

20.11.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ രണ്ടു കൂട്ടരും ടെലിഫോൺ മുഖേന കമ്മീഷനിൽ നൽകിയ മൊഴികളും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) 19.04.2016 – ന് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാതിരുന്നതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 23.11.2018 – ന് സമർപ്പിച്ച ഒന്നാം അപ്പീൽ, സാങ്കേതിക കാരണങ്ങളാൽ തള്ളിക്കളഞ്ഞതിനെ തുടർന്നാണ് കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്.

3) വിവരാവകാശ അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം ആവശ്യപ്പെട്ട വിവരങ്ങളും മറുപടിയും ലഭ്യമായില്ലെങ്കിൽ മറുപടി ലഭിക്കേണ്ട സമയപരിധി കഴിഞ്ഞ് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കണമെന്നാണ് വിവരാവകാശ നിയമം അനുശാസിക്കുന്നത്. ഇവിടെ 19.04.2016 – ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചത് 23.11.2018 – നാണ്. മാത്രവുമല്ല ഒന്നാം അപ്പീൽ ഹർജിയോടനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു എന്നു കാണിച്ചിട്ടുള്ള രേഖകൾ പ്രസ്തുത അപ്പീൽ ഹർജിയോടൊപ്പം ഹാജരാക്കിയിട്ടുണ്ടായിരുന്നില്ല. ആവശ്യമായ രേഖകളുടെ അഭാവവും കാലതാമസവും കാരണമാണ് ഒന്നാം അപ്പീൽ അധികാരി ഹർജിക്കാരിയുടെ അപ്പീൽ നിരസിച്ചത്. ഈ വിഷയത്തിൽ ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനത്തിൽ യാതൊരു അനൗചിത്യവും കമ്മീഷൻ കാണുന്നില്ല.

4) സാധാരണക്കാരന് ഒരു പൊതു അധികാര സ്ഥാനത്തിന്റെ അധീനതയിലുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് വിവരാവകാശ നിയമത്തിന്റെ പരമപ്രധാനമായ ഉദ്ദേശ്യങ്ങളിലൊന്ന്. സമയക്രമങ്ങളെക്കുറിച്ചും മറ്റുമുള്ള സാങ്കേതികത്വം ഒരു സാധാരണ പൗരൻ അറിയണമെന്നില്ല. നിയമം അതിന്റെ അക്ഷരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനോടൊപ്പം അപേക്ഷകന്റെ ആവശ്യങ്ങളിലേക്ക് കൂടി ഒരു എത്തിനോട്ടം നടത്തുന്നത് പലപ്പോഴും ജനോപകാരപ്രദമാകുന്നതിനു വേണ്ടി പാസ്സാക്കപ്പെട്ടിട്ടുള്ള നിയമം അതിന്റെ ഉദ്ദേശ്യശുദ്ധി നടപ്പാക്കുന്നതിന് സാധിക്കുന്നതാണ്. ഈ അപ്പീൽ ഹർജിക്ക് ആധാരമായ വിവരാവകാശ അപേക്ഷയിൽ ശ്രീമതി പടീക്കൽ രാധ എന്ന സാധാരണക്കാരിയായ വനിത അവരുടെ വീട്ടിലേക്കുള്ള ഒരു വഴി പ്രശ്നവുമായി ബന്ധപ്പെട്ട കേസ്സ് സംബന്ധിച്ച വിവരമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നിയമത്തിൽ


RIGHT TO INFORMATI

വിശ്വാസമർപ്പിച്ച താൻ ആവശ്യപ്പെട്ട വിവരം ലഭിക്കുമെന്ന് പ്രതീക്ഷിച്ച് മാസങ്ങളോളം കാത്തിരുന്നതു കൊണ്ടാണ് ഒന്നാം അപ്പീൽ സമർപ്പിക്കുന്നതിന് താമസമുണ്ടായത്. നിയമത്തിലും നിയമം നടപ്പാക്കേണ്ട ഉദ്യോഗസ്ഥരിലും ഭരണ സംവിധാനത്തിലും വിശ്വാസമർപ്പിച്ച് കാത്തിരുന്നത് ഒരു അപരാധമായിപ്പോയി എന്ന് ഒരു പൗരന് തോന്നുവാൻ പാടില്ല. ആയതിനാൽ ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനം ഉചിതമായിരുന്നെങ്കിൽപ്പോലും കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട ഈ അപ്പീൽ പരിഗണിക്കേണ്ടതാണെന്നു തന്നെയാണ് കമ്മീഷന്റെ ഉറച്ച തീരുമാനം.

5) തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 21.03.2015 – ലെ NDis/1765/05/D നമ്പർ ഫയലിൽ എ.ആർ. നഗർ വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടും സ്കെച്ചുമാണ് വിവരാവകാശ അപേക്ഷയിലൂടെ ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്. ഈ അപ്പീൽ ഹർജി സംബന്ധിച്ച് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ.) കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം അപ്പീൽ നിരസിക്കാനുണ്ടായ കാരണം വിശദീകരിക്കുന്നതിനോടൊപ്പം ഹർജിക്കാരി സമർപ്പിച്ചതായി പറയുന്ന വിവരാവകാശ അപേക്ഷ തിരൂർ ആർ.ഡി.ഒ. ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്. ഹർജിക്കാരി ആവശ്യപ്പെട്ട വിവരം എ.ആർ. നഗർ വില്ലേജ് ഓഫീസർ ആർ.ഡി.ഓ. യ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെയും സ്കെച്ചിന്റെയും പകർപ്പായതിനാൽ പ്രസ്തുത രേഖകളുടെ പകർപ്പ് എ.ആർ. നഗർ വില്ലേജ് ഓഫീസിൽ നിശ്ചയമായും ഉണ്ടായിരിക്കേണ്ടതാണ്. ഹർജിക്കാരി വിവരാവകാശ അപേക്ഷ ആർ.ഡി. യുടെ മേൽവിലാസത്തിൽ സമർപ്പിച്ചിട്ടുള്ളതായി കമ്മീഷനിൽ സമർപ്പിച്ച പകർപ്പിൽ നിന്നും വ്യക്തമാകുന്നുണ്ട്. പ്രസ്തുത പകർപ്പിൽ 'pl talk to them' എന്ന് സീനിയർ സൂപ്രണ്ടിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള കുറിപ്പ് ടി അപേക്ഷയിൽ കാണുന്നുണ്ട്. ആ സ്ഥിതിയ്ക്ക് ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷ തിരൂർ ആർ.ഡി. ഓഫീസിൽ ലഭിച്ചില്ല എന്ന വാദം നിലനിൽക്കുന്നതല്ല. ഹർജിക്കാരി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുവാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും തിരൂർ ആർ.ഡി. ഓഫീസിലെ എസ്.പി.ഐ.ഒ. യ്ക്കോ അപ്പീൽ അധികാരിക്കോ ഒഴിഞ്ഞു

മാറുവാൻ സാധ്യമല്ല. ഒന്നുകിൽ പഴയ ഫയലുകൾ പരിശോധിച്ച് ഹർജിക്കാരി ആവശ്യപ്പെട്ട പകർപ്പുകൾ നൽകുക അല്ലെങ്കിൽ എ.ആർ. നഗർ വില്ലേജ് ഓഫീസിൽ നിന്നും ഹർജിക്കാരിക്ക് രേഖകൾ ലഭ്യമാക്കുവാനുള്ള ഏർപ്പാട് ചെയ്യുക. ഇതിലേതു വിധേനയാണെങ്കിലും ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഹർജിക്കാരിക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. അപ്രകാരം വിവരം ലഭിക്കാത്ത പക്ഷം ഒരു പരാതിയുമായി ഹർജിക്കാരിക്ക് കമ്മീഷനെ നേരിട്ട് സമീപിക്കാവുന്നതാണ്. എസ്.പി.ഐ.ഒ. യുടെ പേരിൽ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുന്ന കാര്യം കമ്മീഷൻ അപ്പോൾ പരിഗണിക്കുന്നതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 20 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv



RIGHT TO INFORMAT